ALL INDIA RADIO THIRUVANANTHAPURAM
ആകാശവാണി, തിരുവനന്തപുരം
NATIONAL BULLETIN
DATE: 30.08.2025 പ്രധാന വാർത്തകൾ TIME : 07.25 PM

1. രണ്ട് ദിവസത്തെ ജപ്പാൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ചൈനയിലെത്തി. ചൈനയിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi has arrived in China after completing a two-day visit to Japan. The Prime Minister will attend in Shanghai Cooperation Organization Summit.**

2. പ്രതിരോധ മേഖലയിലെ സ്വയംപര്യാപ്തത രാജ്യത്തിന്റെ പുരോഗതിക്കും അതിജീവനത്തിനും അനിവാര്യമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh says self-sufficiency in the defence sector is essential for the country's progress and survival.**

3. മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ വളർച്ചാനിരക്ക് രാജ്യത്തിന്റെ സുസ്ഥിര സമ്പദ് വ്യവസ്ഥയ്ക്ക് തെളിവെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്, നേട്ടത്തെ അഭിനന്ദിച്ച് സാമ്പത്തിക വിദഗ്ധർ.

   **Union Minister Ashwini Vaishnav says the growth rate in the GDP is proof of the country's sustainable economy; economic experts have praised the achievement.**

4. കോഴിക്കോട്, വയനാട് അതിർത്തിയിലെ ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാതയുടെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും.

**Chief Minister Pinarayi Vijayan will inaugurate the construction of the Anakkampoyil - Meppadi tunnel on the Kozhikode-Wayanad border tomorrow.**

5. 71-ാമത് നെഹ്റു ട്രോഫി വള്ളം കളിയിൽ ജലരാജാക്കൻമാരായി വിയപുരം ചുണ്ടൻ, നടുഭാഗം ചുണ്ടന് രണ്ടാം സ്ഥാനം.

**Veeyapuram Chundan won the 71st edition of the Nehru Trophy boat race, Nadubhagom Chundan became the first runner-up.**

*****************************

## PM CHINA

25-ാമത് ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനയിൽ എത്തി. നാളെയാണ് ഉച്ചകോടി ആരംഭിക്കുന്നത്. രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, റഷ്യൻ പ്രസിഡന്റ് വ്ലാഡിമർ പുടിൻ എന്നിവർക്കൊപ്പം മറ്റ് ലോക നേതാക്കളും പങ്കെടുക്കുന്നുണ്ട്. സുരക്ഷ, സുസ്ഥിര വികസനം, കണക്ടിവിറ്റി, ആഗോള സഹകരണം തുടങ്ങി വിവിധ മേഖലകളിൽ ചർച്ചകൾ നടക്കും. 25 വർഷത്തെ സംഘടനയുടെ നേട്ടങ്ങൾ വിലയിരുത്തുന്ന ഉച്ചകോടി 10 വർഷത്തെ വികസന നയം രൂപീകരിക്കും. ഇത് 15-ാം തവണയാണ് ചൈന എസ്.സി.ഒ ഉച്ചകോടിയ്ക്ക് ആതിഥ്യം അരുളുന്നത്. ചൈനീസ് പ്രസിഡന്റ് ഷീ ജിങ് പിങ്ങാണ് ഉച്ചകോടിയുടെ അധ്യക്ഷൻ. 20 രാജ്യങ്ങളുടെയും 10 അന്താരാഷ്ട്ര സംഘടനയുടെയും നേതാക്കൾ പങ്കെടുക്കുമെന്നാണ് വിലയിരുത്തൽ.

********************************

## REV DAY PM-JAPAN

ജപ്പാൻ സന്ദർശനത്തിന്റെ രണ്ടാം ദിനത്തിൽ ടോക്കിയോയിൽ ജപ്പാനിലെ സംസ്ഥാന പ്രവിശ്യകളായ പ്രിഫെക്ചറുകളുടെ ഗവർണർമാരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ സംസ്ഥാനങ്ങളും ജപ്പാനിലെ പ്രിഫെക്ചറുകളുമായുള്ള സഹകരണത്തിന്റെ സാധ്യതകൾ പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഉൽപ്പാദനം, സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യം, സ്റ്റാർട്ടപ്പുകൾ, ചെറുകിട ഇടത്തരം സംരംഭങ്ങൾ തുടങ്ങിയ മേഖലകളിൽ പങ്കാളിത്തം സ്ഥാപിക്കാൻ പ്രധാനമന്ത്രി ഗവർണർമാരോടും ഇന്ത്യൻ സംസ്ഥാന സർക്കാരുകളോടും അഭ്യർത്ഥിച്ചു.

********************************

## RAJNATH-DEFENCE CONCLAVE (INTRO)

പ്രതിരോധ മേഖലയിലെ സ്വയംപര്യാപ്തത രാജ്യത്തിന്റെ പുരോഗതിക്കും അതിജീവനത്തിനും അനിവാര്യമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. സ്വാശ്രയ ഇന്ത്യയ്ക്ക് തന്ത്രപരമായ സ്വയംഭരണം സംരക്ഷിക്കാൻ കഴിയുമെന്ന് സർക്കാർ വിശ്വസിക്കുന്നതായും ന്യൂഡൽഹിയിൽ നടന്ന പ്രതിരോധ കോൺക്ലേവിനെ അഭിസംബോധന ചെയ്തുകൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ വളർന്നു കൊണ്ടിരിക്കുന്ന തദ്ദേശീയ പ്രതിരോധ ശേഷിയുടെ തിളക്കമാർന്ന ഉദാഹരണമാണ് ഓപ്പറേഷൻ സിന്ദൂറെന്നും, ശ്രീ സിംഗ് പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

********************************

## VAISHNAW - TEMPERED GLASS

ഇലക്ട്രോണിക്സ് നിർമ്മാണത്തിൽ രാജ്യം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചുവെന്നും ഇലക്ട്രോണിക്സ് ഉത്പാദനം ഏകദേശം ആറ് മടങ്ങ് വർദ്ധിച്ചുവെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്തെ ആദ്യത്തെ ടെംപേർഡ് ഗ്ലാസ് നിർമ്മാണശാല യുപിയിലെ നോയിഡയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ഇലക്ട്രോണിക്സ് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും മെയ്ക്ക്-ഇൻ-ഇന്ത്യ സംരംഭം ശക്തിപ്പെടുത്തുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഈ നിർമ്മാണശാല.

********************************

## PETROLEUM- PURI

രാജ്യം കായികരംഗത്ത്, നയപരമായ ശ്രദ്ധയും പൊതുനിക്ഷേപവും, വർദ്ധിപ്പിച്ചുവെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. പെട്രോളിയം സ്പോർട്സ് പ്രമോഷൻ ബോർഡ്, ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പോഷകാഹാരം, സ്പോർട്സ് സയൻസ്, പരിശീലനം എന്നിവയുൾപ്പെടെ എല്ലാ മേഖലയിലും യുവാക്കൾക്ക് പിന്തുണ നൽകുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 2025 ലെ ദേശീയ സ്പോർട്സ് ഗവേണൻസ് ബില്ലിന്റെ അംഗീകാരത്തിനും കേന്ദ്ര മന്ത്രി ഊന്നൽ നൽകി.

********************************

## OM BIRLA - COMMITTEES OF STATE LEGISLATURES

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന നിയമസഭകളുടെ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ഭുവനേശ്വറിൽ നടന്ന പട്ടികജാതി, പട്ടികവർഗ ക്ഷേമത്തിനായുള്ള പാർലമെന്റ്,

സംസ്ഥാന നിയമസഭ കമ്മിറ്റികളുടെ അധ്യക്ഷന്മാരുടെ ദ്വിദിന ദേശീയ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര, സംസ്ഥാന പദ്ധതികളുടെ ആനുകൂല്യങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും കൃത്യമായി ലഭ്യമാക്കാൻ പാർലമെന്റ് കമ്മിറ്റി തീരുമാനിച്ചതായും അദ്ദേഹം പറഞ്ഞു. സമത്വ സമൂഹം' കൊണ്ടുവരുന്നതിനുള്ള രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും ശ്രീ ബിർള അഭിപ്രായപ്പെട്ടു.

********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്.

********************************

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ കൊല്ലത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. തേവള്ളിയിൽ മൻ കി ബാത്ത് പ്രക്ഷേപണത്തോട് അനുബന്ധിച്ചുള്ള പരിപാടിയിൽ കേന്ദ്രസഹമന്ത്രി സംബന്ധിക്കും.

********************************

## GDP - REAX MINISTERS (INTRO)

മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ ആദ്യ പാദ വളർച്ചാ നിരക്കുകളെ സ്വാഗതം ചെയ്ത് കേന്ദ്രമന്ത്രിമാർ. സുസ്ഥിരവും ഊർജ്ജസ്വലവും നവീകരണത്താൽ നയിക്കപ്പെടുന്നതുമായ

ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ പ്രതിഫലിപ്പിക്കുന്നതാണ് ആദ്യ പാദത്തിലെ വളർച്ചാ നിരക്കുകളെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അഭിപ്രായപ്പെട്ടു. പരിഷ്കാരങ്ങളും പ്രതിരോധശേഷിയും കൊണ്ട് പ്രവർത്തിക്കുന്ന ഒരു ആഗോള വളർച്ചാ എഞ്ചിനാണ് ഇന്ത്യ എന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ വിശേഷിപ്പിച്ചു.

(ഹോൾഡ് വോയ്സ്.....)

********************************

## PURI - ENERGY CONSUMPTION

രാജ്യത്തെ മൊത്ത ആഭ്യന്ത ഉത്പാദന വളർച്ചാ നിരക്ക് 7.8 ശതമാനമായി ഉയർന്നത് ഊർജ ഉപഭോഗത്തിൽ ഗുണകരമായ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിങ് പുരി. ഇന്ത്യൻ സമ്പദ് വ്യവസ്ഥ മികച്ച രീതിയിൽ മുന്നേറുകയാണെന്നും ന്യൂഡൽഹിയിൽ മാധ്യമ പ്രവർത്തകരെ അഭിസംബോധന ചെയ്യവേ അദ്ദേഹം വ്യക്തമാക്കി.

********************************

## GDP - REAX INDUSTRY

രാജ്യത്തെ വിവിധ വ്യവസായ സംഘടനകൾ, സാമ്പത്തിക വിദഗ്ധർ, തുടങ്ങിയവർ ഇന്ത്യൻ ജിഡിപിയുടെ വളർച്ച സ്വാഗതം ചെയ്തു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വളരെ ശക്തവും സുസ്ഥിരവുമാണെന്ന് വീണ്ടും തെളിച്ചെന്നു പിഎച്ച്ഡിസിസിഐ, സിഇഒയും സെക്രട്ടറി ജനറലുമായ രഞ്ജിത് മേത്ത പറഞ്ഞു. ജിഡിപി കണക്കുകൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വ്യക്തമായ വളർച്ചയെ സൂചിപ്പിക്കുന്നുവെന്ന് എഫ്ഐസിസിഐയുടെ സീനിയർ വൈസ് പ്രസിഡന്റ് ആനന്ദ് ഗോയങ്ക അഭിപ്രായപ്പെട്ടു. ജിഡിപി കണക്കുകൾ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ

അടിസ്ഥാനപരമായ പ്രതിരോധശേഷിയെ പ്രതിഫലിപ്പിക്കുന്നതായി സാമ്പത്തിക കാര്യ സെക്രട്ടറി അനുരാധ താക്കൂർ ചൂണ്ടിക്കാട്ടി.

********************************

## TUNNEL - CM

കോഴിക്കോട്, വയനാട് അതിർത്തിയിലെ ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമാണ പ്രവൃത്തി ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. താമരശ്ശേരി ചുരത്തിനു ബദലായാണ് 8.73 കിലോമീറ്റർ നീളമുള്ള നാലുവരി തുരങ്കപാത നിർമിക്കുന്നത്. 2,134 കോടി രൂപ പദ്ധതി ചെലവിൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് പദ്ധതിയുടെ നിർവഹണ ചുമതല.

********************************

## NEHRU TROPHY BOAT RACE

71-ാമത് നെഹ്റു ട്രോഫി ജലോത്സവത്തിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബിന്റെ വീയപുരം ചുണ്ടൻ ജേതാക്കളായി. പുന്നമട ബോട്ട് ക്ലബിന്റെ നടുഭാഗം രണ്ടാം സ്ഥാനം കരസ്ഥമാക്കി. മൈക്രോ സെക്കന്റുകളുടെ വ്യത്യാസത്തിലായിരുന്നു ഫിനിഷിങ്. പള്ളാത്തുരുത്തി ബോട്ട് ക്ലബിന്റെ മേൽപ്പാടം ചുണ്ടൻ മൂന്നാം സ്ഥാനം നേടി.

********************************

## ONAM CELEBRATION

സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഓണം വാരാഘോഷത്തിന് അടുത്ത മാസം 3 ന് തിരുവനന്തപുരത്ത് തുടക്കമാകും. സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി

വിജയൻ വൈകുന്നേരം 6 മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിക്കും.

*******************************

## RATION SHOP

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും നാളെ തുറന്നു പ്രവർത്തിക്കും. ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണവും സ്പെഷ്യൽ അരിയുടെ വിതരണവും നാളെ പൂർത്തിയാകും. സ്റ്റോക്കെടുപ്പ് കണക്കിലെടുത്ത് തിങ്കളാഴ്ച റേഷൻകടകൾക്ക് അവധിയായിരിക്കും.

*******************************

## CBI ARREST - AAI

232 കോടി രൂപയുടെ പൊതു ഫണ്ട് തട്ടിയെടുത്ത കേസിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ സീനിയർ മാനേജരായ രാഹുൽ വിജയിനെ സിബിഐ അറസ്റ്റ് ചെയ്തു. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ്, സിബിഐ കേസ് അന്വേഷിച്ചത്. ഡെറാഡൂൺ വിമാനത്താവളത്തിൽ ജോലി ചെയ്തിരുന്ന സമയത്ത്, ഔദ്യോഗിക രേഖകളും ഇലക്ട്രോണിക് രേഖകളും കൃത്രിമമായി ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നതിനു വിജയ് പദ്ധതിയിട്ടുവെന്നാണ് ആരോപണം.

*******************************

## SUKANTA MAJUMDAR

രാജ്യത്ത് ശാസ്ത്ര സാങ്കേതിക മേഖലകളിലടക്കം യുവ നൈപുണ്യ ശക്തി വികസിപ്പിക്കുന്നതിൽ എൻഐടി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കുന്നതായി കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി സുകാന്ത മജുംദാർ.

കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 21-ാം ബിരുദ ദാന ചടങ്ങിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

********************************

## DAY PUNJAB FLOOD

പഞ്ചാബിലും മലവെള്ളപ്പാച്ചിൽ മൂലമുള്ള ദുരിതം തുടരുന്നു. പല പ്രദേശങ്ങളും വെള്ളത്തിലാണ്. റാവി നദിയിൽ ഇതുവരെ 14.11 ലക്ഷം ക്യൂസെക്സ് വെള്ളമാണ് ഒഴുകി എത്തിയത്. സംസ്ഥാനത്ത് ഇതുവരെ ലഭിച്ചതിൽ ഏറ്റവും ഉയർന്ന ജലപ്രവാഹമാണിത്. പോങ്ങിലെയും മറ്റ് അണക്കെട്ടുകളിലെയും ജലനിരപ്പ് വർദ്ധിച്ചിട്ടുണ്ട്. ചില ജില്ലകളിൽ വെള്ളം താഴ്ന്നിട്ടുണ്ടെങ്കിലും, 7 ജില്ലകളിൽ ദുരിതം തുടരുകയാണ്.

********************************

## REV JK- WEATHER

ജമ്മു ഡിവിഷനിലെ രംബാൻ, റെയ്സി ജില്ലകളിൽ കഴിഞ്ഞ 12 മണിക്കൂറിനിടെ ഉണ്ടായ മണ്ണിടിച്ചിലിലും മേഘ വിസ്ഫോടനത്തിലും മരിച്ചവരുടെ എണ്ണം 11 ആയി. തുടർച്ചയായ അഞ്ചാം ദിവസവും റെയിൽ ഗതാഗത സംവിധാനം പൂർണമായും തടസപ്പെട്ടിരിക്കുകയാണ്.

*

**************

**************************************************